പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3243 — 20.06.2014- ൽ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എം.തോമസ് ഐസക്<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എസ്.ശർമ്മ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാർ വിവിധ സാമൂഹ്യ വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകരിച്ച സാമൂഹ്യ സുരക്ഷാ മിഷന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥ യിലാണോ ;<br>എങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; | (എ) | കേരള സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥ യിലല്ല. |
| (ബി) | മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഏറ്റവും കൂടുതൽ അവലോകനം നടത്തിയത് എപ്പോഴാണ്; നിഗമന ങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) | 30.04.2014 ൽ കൂടിയ 19-ാം ഗവേണിംഗ് ബോഡി യോഗത്തി ലാണ് മിഷന്റെ പ്രവർത്തനങ്ങളെ ക്കുറിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത്.<br>01.04.2011 മുതൽ 31.03.2014 വരെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും, പദ്ധതികളിൽ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തു കയും, കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പദ്ധതികളുടെയും ഗുണഭോക്താക്ക ളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവും പദ്ധതി പ്രവർത്തനങ്ങൾക്ക് സർക്കാരിൽ നിന്നും അനുവദിച്ച് ലഭിച്ച തുകയുടെ പൂർണ്ണമായ വിനിയോഗവും കോർപ്പസ് ഫണ്ടിലേ ക്കുള്ള ഫണ്ട് സമാഹരണത്തിൽ കൈവരിച്ച നേട്ടവും കോർപ്പറേറ്റുകളുടെ സഹകരണത്തോടെ ആരംഭിച്ച പദ്ധതികളിൽ കൈവരിച്ച നേട്ടവും വിലയിരുത്തിയിരുത്തപ്പെട്ടു. |
| | | | |

| | | | |
|---|---|---|---|
| (സി) | മിഷനിൽ ഇതിനിടെ നടത്തിയ നിയമനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന ആക്ഷേപങ്ങൾ എന്തെല്ലാമാണ്; ഇതേക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ; | (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ തസ്തികയിലേക്കുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ പരിശോധിച്ച് വരുന്നു. |
| (ഡി) | മിഷനിൽ റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ടോ; പി.എസ്.സി വഴിയോ താൽക്കാലിക ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താതിരുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാത്ത നിയമനങ്ങൾ എല്ലാം റദ്ദു ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | റിക്രൂട്ട്മെന്റ് റൂൾസ് നിലവിലില്ല. മിഷൻ നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിന് പ്രോജക്ട് സ്റ്റാഫിനെ താൽക്കാലികമായി കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. മിഷനിലെ അംഗീകൃത പോസ്റ്റുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ചുള്ള റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ